(7) <u>മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ സംബന്ധിച്ച്</u>

2016 ജൂലൈ 18-ാം തീയതി സ്റ്റാറ്റ്യൂട്ടറി പ്രമേയത്തിനുമുമ്പ് ശ്രീ. പിണറായി വിജയൻ മന്ത്രിയെന്ന നിലയിലാണ് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതെന്നും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാത്ത ഒരാൾ മുഖ്യമന്ത്രിയെന്ന നിലയിൽ സഭയിലെ ചർച്ചകളിൽ പങ്കെടുക്കുന്നതും സഭാ നേതാവായി പ്രവർത്തിക്കുന്നതും ക്രമാനുസൃതമാണോയെന്ന് പരിശോധിച്ച് റൂളിംഗ് നൽകണമെന്നും ബഹുമാനപ്പെട്ട ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

മുഖ്യമന്ത്രിയെന്ന നിലയിൽ പ്രത്യേകം സത്യപ്രതിജ്ഞ ചെയ്യണമെന്ന് ഭരണഘടനയിൽ ഒരിടത്തും പരാമർശിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ഭരണഘടന അനുശാസിക്കും പ്രകാരം നിയമപരമായി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതിനാലും ഭരണഘടനയുടെ 3-ാം പട്ടികയിൽ പറയുന്ന പ്രതിജ്ഞയുടെ അന്തസ്സത്ത പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളതിനാലും മുഖ്യമന്ത്രിയായും സഭാനേതാവായും തുടരുന്നതിൽ യാതൊരു തടസ്സവുമില്ലെന്നും പ്രസ്തുത ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

---

* XIV KLA/I Session Vol.162 Report No. 14 dated 18-07-2016

"മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സത്യപ്രതിജ്ഞയേയും സ്ഥാനാരോഹണത്തെയും സംബന്ധിച്ച് ശ്രീ പി.സി. ജോർജ് ഉന്നയിച്ച വിഷയം ചെയർ സസൂക്ഷ്മം പരിശോധിക്കുകയുണ്ടായി. മുൻസർക്കാരുകളുടെ രൂപീകരണത്തിലെന്നപോലെ ഈ സർക്കാരിന്റെ രൂപീകരണത്തിലും മൗലികമായ എല്ലാ ഭരണഘടനാ തത്വങ്ങളും പാലിച്ചിരുന്നുവെന്ന യാഥാർത്ഥ്യം സുവ്യക്തമായിരിക്കെ തികച്ചും സാങ്കേതികവും സാങ്കൽപ്പികവുമായ കാര്യങ്ങൾ യുക്തിരഹിതമായി വ്യാഖ്യാനിച്ച് സഭയുടെ വിലപ്പെട്ട സമയം പാഴാക്കിക്കളയുന്നത് ഭൂഷണമല്ല. കേവലം സാങ്കേതികതയുടെ നൂലാമാലകളല്ല; സാധാരണ മനുഷ്യരുടെ ജീവിത ദുരിതങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങളെ പ്രചോദിപ്പിക്കേണ്ടത്. അത്തരത്തിലുള്ള യജ്ഞത്തിനാണ് സഭയുടെ സമയം വിനിയോഗിക്കേണ്ടത്. ശ്രീ പി. സി. ജോർജിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."